"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി – 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.ഹരിക്കുട്ടൻ, രാധാലയം, ചേർത്തല, ആലപ്പുഴ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.35/2026/ID തീയതി,തിരുവനന്തപുരം, 09-01-2026

---

പരാമർശം:-

1. ആലപ്പുഴ ജിയോളജിസ്റ്റിന്റെ 10.06.2014 തീയതിയിലെ ഡി.ഒ.എ/1538/എംഎം/2012 നമ്പർ നോട്ടീസ്.
2. ശ്രീ.ഹരിക്കുട്ടൻ, രാധാലയം, ചേർത്തല, ആലപ്പുഴ 20.06.2025 തീയതിയിൽ സമർപ്പിച്ച അപ്പീൽ ഹർജി
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 29.10.2025 തീയതിയിലെ ഡിഎംജി/678/2025-എം1 നമ്പർ കത്ത്.
4. ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റിന്റെ 10.11.2025 തീയതിയിലെ DOALA-DMG/432/2025-M നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം നോർത്ത് വില്ലേജിലെ സർവ്വേ നം.73/2-3 ൽപ്പെട്ടതും ശ്രീ.ഹരിക്കുട്ടൻ, രാധാലയം, ചേർത്തല, ആലപ്പുഴ എന്ന വ്യക്തിയുടെ കൈവശത്തിലുള്ളതുമായ സ്ഥലത്തു നിന്നും 815 മെ.ടൺ സിലിക്കാ മണൽ അനധികൃതമായി ഖനനം ചെയ്ത് നീക്കിയതായി കണ്ടെത്തിയതിനെ തുടർന്ന് സിലിക്കാമണലിന്റെ റോയൽറ്റി, വില, പിഴ ഇനത്തിൽ ആകെ 6,59,095/- രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് 10.06.2014 തീയതിയിൽ ആലപ്പുഴ ജിയോളജിസ്റ്റ് പരാമർശം (1) പ്രകാരം ഡിമാന്റ് നോട്ടീസ് നൽകിയിരുന്നുവെങ്കിലും ഡിമാന്റ് തുക ഒടുക്കാത്തതിനെ തുർന്ന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിനെതിരെ ശ്രീ.ഹരിക്കുട്ടൻ, മറ്റത്തിൽ (രാധാലയം), മരുത്തോർവട്ടം.പി.ഒ, ചേർത്തല, ആലപ്പുഴ പരാമർശം (2) പ്രകാരം ഒരു അപ്പീൽ ഹർജി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 29/10/2025 ന് നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിയും, മൈനിംഗ് & ജിയോളജി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറും പങ്കെടുത്തു.

3. ഹിയറിംഗ് വേളയിൽ അപ്പീൽ കക്ഷി ബോധിപ്പിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ഡിമാന്റ് നോട്ടീസിൽ പറയുന്നതുപോലെ തന്റെ പുരയിടത്തിൽ നിന്നും മണൽ എടുത്ത് വിൽക്കുകയോ പുറത്തേയ്ക്ക് കടത്തുകയോ ചെയ്തിട്ടില്ല. തന്റെ പുരയിടത്തിൽ ചേർത്തല പള്ളിപ്പുറം മേഖലയിൽ കാണുന്ന സിലിക്കാ മണലിന്റെ ശേഖരവും ഇല്ല. കേവലം എക്കൽ മണലാണ് ഉള്ളത്. നിർധന കുടുംബാംഗമായ തന്റെ പുരയിടത്തിന്റെ ചുറ്റുപാടുമുള്ള മുഴുവൻ താമസക്കാരും അവരുടെ പുരയിടത്തിന്റെ എക്കൽ മണ്ണ് മണൽ മാഫിയയ്ക്ക് വിറ്റപ്പോഴും താൻ മാത്രമാണ് മണൽ വിൽക്കാതിരുന്നത്. ടി മണൽ മാഫിയ പല തവണ തന്നെ സമീപിച്ചിട്ടും മണൽ വിൽക്കാതെ മണൽ തന്റെ പുരയിടത്തിൽ സംരക്ഷിച്ച് നിർത്തുക മാത്രമേ ചെയ്തിട്ടുള്ളൂ. തന്റെ പുരയിടം സന്ദർശിക്കുന്ന ഏതൊരാൾക്കും ഈ വസ്തുത നേരിട്ടും ബോദ്ധ്യപ്പെടുന്നതുമാണ്. തന്റെ സർവ്വേ നമ്പർ 73/2-3 ൽപ്പെട്ട പുരയിടത്തിൽ നിന്ന് അനധികൃതമായി സിലിക്ക മണൽ ഖനനം ചെയ്തു എന്നതിന്റെ പേരിൽ 2014-ൽ 659095/- രൂപ അടയ്ക്കണമെന്ന് ഒരു നോട്ടീസ് കിട്ടുകയും തുടർന്ന് നടപടികൾ എന്ന രീതിയിൽ താൻ മന്ത്രിയ്ക്കും മറ്റ് ഓഫീസുകളിലും മണൽ ഖനനം ചെയ്തിട്ടില്ലെന്നും വർഷങ്ങൾക്കു മുമ്പ് കേന്ദ്ര ഗവൺമെന്റിന്റെ റെയിൽ പദ്ധതിക്കായി മണൽ കൊണ്ടു പോയതാണ് എന്നും ബോധിപ്പിച്ചിരുന്നു. സ്ഥല പരിശോധനയ്ക്കു വന്ന ഉദ്യോഗസ്ഥർ സമീപ പ്രദേശങ്ങളിലെ പുരയിടവുമായി തന്റെ പുരയിടം താരതമ്യം ചെയ്യാതെ തന്റെ ഭവനം കുന്നിന്റെ മുകളിൽ ആയതുകൊണ്ട് അതുമായി താരതമ്യപ്പെടുത്തിയാണ് ഇത്രയും വലിയ തുക ചുമത്തിയെന്ന് ബോധിപ്പിച്ചിരുന്നു. പിന്നീട് 10 വർഷങ്ങൾക്കു ശേഷം ടി ഡിപ്പാർട്ട്മെന്റിൽ നിന്ന് ആർ.ആർ നോട്ടീസ് വരികയും ചെയ്തു. തനിക്കും കുടുംബത്തിനും ഇത്രയും വലിയ തുക അടയ്ക്കുവാൻ നിർവ്വാഹമില്ല. ദിവസക്കൂലിയായ 800/- രൂപ വേതനത്തിൽ ആഴ്ചയിൽ മൂന്ന് ദിവസം ആണ് തനിക്ക് കൂലിപണിയുള്ളത്. ടി തുകയ്ക്ക് തനിക്കും തന്റെ കുടുംബത്തിന്റെ ചിലവിനും മരുന്നിനും പോലും തികയില്ല. നിലവിലെ തന്റെ സ്ഥലവും പുരയിടവും 3 ലക്ഷം രൂപയ്ക്ക് പിന്നോക്ക വികസന ബോർഡ് ചേർത്തല ബ്രാഞ്ച് ലോൺ നം. 040304007 ലോൺ വെച്ചിരിക്കുകയാണ്. പുരയിടത്തിൽ നിന്നും മറ്റ് വരുമാനങ്ങൾ ഇല്ല. ടി ഡിപ്പാർട്ട്മെന്റിൽ നിന്ന് വന്ന ഈ ആർ.ആർ തുക തനിക്ക് സ്വപ്നം കാണാൻ പോലും പറ്റാത്ത അവസ്ഥയിലാണ് പുരയിടവും വീടും വിറ്റ് കൊടുത്താൽ താനും കുടുംബവും തെരുവിലേയ്ക്ക് ഇറങ്ങേണ്ട അവസ്ഥയിലാണ്. തങ്ങളുടെ മുന്നിൽ ഇനി ആത്മഹത്യ എന്ന വഴിമാത്രമാണ് ഉള്ളത്. ആയതിനാൽ തന്റെ ഹർജി പരിഗണിച്ച് നിയമാനുസൃതമായ തനിക്ക് താങ്ങാൻ പറ്റുന്ന തരത്തിലുള്ള ഒരു ചെറിയ തുകയ്ക്ക് പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടു.

4. അപ്പീൽ അപേക്ഷ സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

അനധികൃത സിലിക്കാ മണൽ ഖനനവുമായി ബന്ധപ്പെട്ട് 10/6/2014 തീയതിയിൽ ആലപ്പുഴ ജില്ല ആഫീസിൽ നിന്നും നല്കിയ ഡി.ഒ.എ/1538/എം.എം/2012 നമ്പർ ഡിമാന്റ് നോട്ടീസിനെതിരെയാണ് ശ്രീ.ഹരിക്കുട്ടൻ സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിച്ചത്.
ചേർത്തല താലൂക്കിൽ സിലിക്കാമണലിന്റെ അനധികൃത ഖനനവും കടത്തും തടയുന്നതിനായി രൂപീകരിച്ച സ്പെഷ്യൽ സ്ക്വാഡ് 13.02.2014 തീയതിയിൽ സ്ഥല പരിശോധന നടത്തിയിരുന്നു. പരിശോധനയിൽ ചേർത്തല താലൂക്കിൽ തണ്ണീർമുക്കം നോർത്ത് വില്ലേജിൽ സർവ്വേ നം.73/2-3യിൽ ഉൾപ്പെട്ടതും ശ്രീ.ഹരിക്കുട്ടൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതുമായ സ്ഥലത്തു നിന്നും 25 മീറ്റർ നീളത്തിലും 7 മീറ്റർ വീതിയിലും 1 മീറ്റർ താഴ്ചയിലുമായി സിലിക്കാമണൽ

അനധികൃതമായി ഖനനം ചെയ്ത് നീക്കം ചെയ്തിട്ടുള്ളതായി കാണുകയും ആയതിന് മഹസ്സർ തയ്യാറാക്കിയിട്ടുള്ളതുമാണ്. ടി സ്ഥലത്ത് ഹാജരുണ്ടായിരുന്ന സ്ഥലവാസികൾ അനധികൃതമായി ധാതു നീക്കം ചെയ്തതായി മൊഴി നല്കിയതാണെന്നും എങ്കിലും മഹസ്സറിൽ ഒപ്പിടാൻ വിസമ്മതിച്ചതായും മഹസ്സറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതേ തുടർന്ന് 14.02.2014 തീയതിയിൽ സ്ഥലമുടമയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കുകയും ടി നോട്ടീസിന് മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ 10.06.2014 ൽ ഡിമാന്റ് നോട്ടീസ് നല്കുകയും ചെയ്തിരുന്നു. സ്പെഷ്യൽ സ്ക്വാഡ് സമർപ്പിച്ച മഹസറിന്റെ അടിസ്ഥാനത്തിൽ 315 മെട്രിക് ടൺ സിലിക്കാമണൽ അനധികൃതമായി ഖനനം ചെയ്ത് നീക്കം ചെയ്യുന്നതിന് റോയൽറ്റി വില, പിഴ എന്നീ വകയിൽ 6,59,095/- രൂപ ഒടുക്കണമെന്നതിനാണ് 10.06.2014 തീയതിയിൽ ഡിമാന്റ് നോട്ടീസ് നല്കിയിട്ടുള്ളത്. എന്നാൽ ടി തുക ഒടുക്കുന്നതിന് അപ്പലന്റ് തയ്യാറാകാത്ത സാഹചര്യത്തിൽ 20.07.2024 തീയതിയിലെ ഉത്തരവിലൂടെ റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്യുകയും 20/7/2024 ന് തന്നെ ഫാറം-24 ഓൺലൈനായി ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. സിലിക്ക മണൽ മേജർ മിനറൽ ആയിരുന്ന സമയത്താണ് അനധികൃത ഖനനം റിപ്പോർട്ട് ചെയ്തത് ഈ കാലയളവിൽ തന്നെ ആണ് ഡിമാന്റ് നോട്ടീസും നല്കിയത്. ഫാറം-24 സമർപ്പിച്ച 20.07.2024 തീയതിയിൽ പലിശയടക്കം 14,59,327/- രൂപ, 22/8/2025 തീയതിയിൽ പലിശ അടക്കം 16,61,657/- രൂപ ശ്രീഹരിക്കുട്ടൻ സർക്കാരിലേയ്ക്ക് ഒടുക്കുവാനുള്ളതാണ് എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

5. അപ്പീൽ അധികാരി ഈ വിഷയം അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ചേർത്തല താലൂക്കിൽ സിലിക്കാമണലിന്റെ അനധികൃത ഖനനവും കടത്തും തടയുന്നതിനായി രൂപീകരിച്ച സ്പെഷ്യൽ സ്ക്വാഡ് 13.02.2014 തീയതിയിൽ നടത്തിയ സ്ഥല പരിശോധനയിൽ ചേർത്തല താലൂക്കിൽ തണ്ണീർമുക്കം നോർത്ത് വില്ലേജിൽ സർവ്വേ നം.73/2-3 ൽ ഉൾപ്പെട്ടതും ശ്രീ.ഹരിക്കുട്ടൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതുമായ സ്ഥലത്തു നിന്നും 25 മീറ്റർ നീളത്തിലും 7 മീറ്റർ വീതിയിലും 1 മീറ്റർ താഴ്ചയിലുമായി സിലിക്കാമണൽ അനധികൃതമായി ഖനനം ചെയ്ത് നീക്കം ചെയ്തിട്ടുള്ളതായി കാണുകയും ആയതിന് മഹസ്സർ തയ്യാറാക്കിയിട്ടുള്ളതുമാണ്. ഇതിൽ നിന്നും അപ്പീൽ കക്ഷി സിലിക്കാമണൽ അനധികൃത ഖനനം നടത്തിയിട്ടില്ല എന്ന വാദത്തിൽ കഴമ്പില്ല. എന്നാൽ ടിയാൻ ഖനനം നടത്തിയ സമയത്ത് സിലിക്കാമണൽ മേജർ മിനറൽ ആയിരുന്നതിനാൽ ആ കാലയളവിൽ നിലനിന്നിരുന്ന കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുണ്ടായിരുന്ന നിരക്കിന്റെ അടിസ്ഥാനത്തിലാണ് പെനാൽറ്റി നിർണ്ണയിച്ചിരുന്നത്. 10/02/25 ലെ നോട്ടിഫിക്കേഷൻ പ്രകാരം കേന്ദ്ര സർക്കാർ ഇതിനെ മൈനർ മിനറൽ ആക്കി പ്രഖ്യാപിക്കുകയും തുടർന്ന് സംസ്ഥാന സർക്കാർ ഈ ധാതുവിന്റെ റോയൽറ്റി നിരക്ക് 250/MT ആയി നിർണ്ണയിക്കുകയും ചെയ്തു. ഈ നിരക്ക് പ്രകാരം പെനാൽറ്റി ആയി ടണ്ണിന്ന് റോയൽറ്റിയും റോയൽറ്റിയുടെ രണ്ടിരട്ടി വിലയും ചേർത്ത് 750/- രൂപ ഒടുക്കിയാൽ മതി. കേവലം മാസങ്ങളുടെ വ്യത്യാസത്തിൽ ഖനനം നടത്തി എന്ന കാരണത്താൽ ടിയാൻ മേജർ മിനറലിന്റെ പെനാൽറ്റി അതായത്, ധാതു മൈനർ മിനറൽ ആയപ്പോഴുള്ള നിരക്കിന്റെ ഏകദേശം മൂന്നിരട്ടി തുക അതായത് ടണ്ണിന് 2013 രൂപ നിരക്കിൽ ഒടുക്കേണ്ടി വരുന്നു. എന്നിരുന്നാലും ഖനനം നടത്തിയ കാലഘട്ടത്തിലെ നിയമം പ്രകാരം മാത്രമേ പെനാൽറ്റി നിർണ്ണയിക്കുവാൻ സാധിക്കുകയില്ല. ദിവസക്കൂലിയായ 800/- രൂപ വേതനത്തിൽ ആഴ്ചയിൽ മൂന്ന് ദിവസം ആണ് കക്ഷിക്ക്

കൂലിപണിയുള്ളതെന്നും ടി തുകയ്ക്ക് കക്ഷിക്കും കുടുംബത്തിന്റെ ചിലവിനും മരുന്നിനും പോലും തികയില്ലെന്നും നിലവിലെ സ്ഥലവും പുരയിടവും 3 ലക്ഷം രൂപയ്ക്ക് പിന്നോക്ക വികസന ബോർഡ് ചേർത്തല ബ്രാഞ്ച് ലോൺ നം. 040304007 ലോൺ വെച്ചിരിക്കുകയാണെന്നും, കക്ഷിക്ക് പുരയിടത്തിൽ നിന്നും മറ്റ് വരുമാനങ്ങൾ ഇല്ലെന്നും, ജിയോളജി ഡിപ്പാർട്ട്മെന്റിൽ നിന്ന് വന്ന ആർ ആർ തുക സ്വപ്നം കാണാൻ പോലും പറ്റാത്ത അവസ്ഥയിലാണെന്നും പുരയിടവും വീടും വിറ്റ് കൊടുത്താൽ കക്ഷിയും കുടുംബവും തെരുവിലേയ്ക്ക് ഇറങ്ങേണ്ട അവസ്ഥയിലാണെന്നും മുന്നിൽ ഇനി ആത്മഹത്യ എന്ന വഴിമാത്രമാണ് ഉള്ളത് എന്ന് കക്ഷി ഹിയറിംഗ് വേളയിൽ ബോധിപ്പിച്ച സങ്കട ഹർജിയും ടിയാൻ ബി.പി.എൽ ആണെന്ന് തെളിയിക്കുന്ന റേഷൻ കാർഡിന്റെ പകർപ്പും ലഭ്യമാക്കിയത് പരിഗണിച്ച് കക്ഷിക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് 10/6/2014 ൽ നല്കിയ ഡിമാന്റ് നോട്ടീസിൽ കോമ്പൗണ്ടിംഗ് ഫീ ആയി ചേർത്തിരുന്ന 25,000/- രൂപ ഒഴിവാക്കി പ്രസ്തുത ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള റോയൽറ്റിയും വിലയും മാത്രം ചേർത്ത് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകി അത് പ്രകാരമുള്ള തുക ഈടാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ആലപ്പുഴ ജിയോളജിസ്റ്റിന് നിർദ്ദേശം നല്കിക്കൊണ്ട് ശ്രീ.ഹരിക്കുട്ടൻ, ആലപ്പുഴ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി
& അപ്പീൽ അധികാരി

ശ്രീ.ഹരിക്കുട്ടൻ, രാധാലയം, മരുത്തോർവട്ടം.പി.ഒ, ചേർത്തല,
ആലപ്പുഴ - 688539

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, ആലപ്പുഴ.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 09-01-2026 17:11:11